(ബി) ഇത് സംബന്ധമായി എന്തെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഏത് ക്ലാസ് വരെ കുട്ടികൾക്ക് സ്വകാര്യമായി പഠിക്കുന്നതിനുള്ള അനുവാദം ഇപ്പോഴുണ്ട്;

(ഡി) ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

(ബി) ഇല്ല.

(സി) നാലാം ക്ലാസ്സുവരെ.

(ഡി) കേരള വിദ്യാഭ്യാസ നിയമം പരിഷ്കരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സമിതി ഈ നിയമം കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

23 (*333) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് ആ വിഭാഗത്തിലെ താഴെത്തട്ടിലുള്ളവർക്ക് കാര്യമായ അറിവില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അവരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) താഴെത്തട്ടിലുള്ളവരുടെ അജ്ഞത മുതലെടുത്ത് മേൽത്തട്ടിലുള്ളവരും ഉദ്യോഗസ്ഥരും കൂടി ചേർന്ന് പദ്ധതി തുക ചോർത്തുന്നതിനെതിരെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഓരോ വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം ചെലവാക്കാതെ ലാപ്സാക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പദ്ധതി തുക വകമാറി ചെലവഴിച്ചതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ഒരു പബ്ലിസിറ്റി വിംഗ് പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടികജാതി സങ്കേതങ്ങളിലും പൊതുസ്ഥലങ്ങളിലും അയിത്തോച്ചാടനം, ക്ഷേമപ്രവർത്തനങ്ങൾ, പൗരാവകാശ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ നിയമം, അതിക്രമങ്ങൾ തടയൽ നിയമം എന്നിവയുടെ പ്രചരണത്തിനായി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ലഘുലേഖകളുടെ വിതരണം, സിനിമാ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. പട്ടിക വർഗ്ഗ മേഖലകളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളും ഹെൽത്ത് വർക്കർമാരും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടിക വർഗ്ഗക്കാരുടെ ക്ഷേമപദ്ധതികളെക്കുറിച്ചും ആരോഗ്യ പരിപാലന കാര്യങ്ങളെക്കുറിച്ചും പട്ടികവർഗ്ഗക്കാരിൽ ബോധവൽക്കരണം നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അന്വേഷിച്ചിട്ടുണ്ട്.

24 (*334) ഭവന നിർമ്മാണ പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ രംഗത്ത് സർക്കാർ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആവിഷ്കരിച്ച ഓരോ പദ്ധതിയിലും നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ?

(സി) കശുവണ്ടി, കയർ, കൈത്തറി, ബീഡി, ഖാദി, ഗ്രാമീണ വ്യവസായങ്ങൾ, ചെറുകിട തോട്ടങ്ങൾ എന്നീ മേഖലകളിലെ തൊഴിലാളികൾ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ ജീവനക്കാരുടെ താമസസൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഭവനനിർമ്മാണ രംഗത്ത് പുതിയതായി മൈത്രീ ഭവന നിർമ്മാണ പദ്ധതി, സമ്പൂർണ്ണ പാർപ്പിട പദ്ധതി, സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി മുതലായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സർക്കാർ ആവിഷ്കരിച്ച പദ്ധതി അനുസരിച്ച് കഴിഞ്ഞ 3 വർഷംകൊണ്ട് 3,67,200 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ 2,61,383 വീടുകൾ ദുർബല വിഭാഗക്കാർക്കും 28,635 വീടുകൾ താഴ്ന്ന വരുമാനക്കാർക്കും 67,333 വീടുകൾ ഇടത്തരം വരുമാനക്കാർക്കും 19,849 വീടുകൾ ഉയർന്ന വരുമാനക്കാർക്കും നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly